തദ്ദേശസ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
പാലക്കാട് സിവിൽ സ്റ്റേഷൻ, പാലക്കാട്-678001
ഫോൺ-0491-2505199 e-mail-ddppkd1@gmail.com

DDP-PKD/1718/2023-A1 തിയതി-14/06/2023

## ക്വട്ടേഷൻ നോട്ടീസ്

പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പ്രതിമാസ വാടക നിരക്കിൽ കാർ ലഭ്യമാക്കുവാൻ തയ്യാറുള്ള കാറുടമകളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. നിബന്ധനകൾ ചുവടെ ചേർക്കുന്നു

1. കാർ ടാക്സി രജിസ്ട്രേഷൻ ഉള്ളതായിരിക്കണം.
2. 2018 അല്ലെങ്കിൽ അതിനു ശേഷമുള്ള മോഡൽ ആയിരിക്കണം.
3. ടൊയോട്ട എറ്റിയോസ് ,മഹിന്ദ്ര വെരിറ്റോ എന്നിവ അഭികാമ്യം
4. പ്രതിമാസം ഓടാവുന്ന പരമാവധി ദൂരം 2000 കി.മി.
5. എല്ലാ ദിവസവും വാഹനം ലഭ്യമാക്കേണ്ടതാണ്.
6. പ്രതിമാസം 2000 കി.മി. ഓടുന്നതിന് ആവശ്യപ്പെടുന്ന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വട്ടേഷനിൽ കാണിക്കണം. മൂന്നു മാസത്തെ ക്വാർട്ടറിൽ അധികരിക്കുന്ന യാത്രയ്ക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ വാടക അധിക കിലോമിറ്ററിന് നൽകുന്നതാണ്. ഏതെങ്കിലും ഒരു മാസം വാഹനം അധിക ദൂരം/സമയം ഉപയോഗിക്കുകയാണെങ്കിൽ അധികം സഞ്ചരിച്ച ദൂരം (കിലോമിറ്ററിൽ ) തൊട്ടടുത്ത മാസത്തിൽ കണക്കാക്കാക്കി മൂന്നു മാസത്തെ ക്വാർട്ടറിൽ ക്രമീക്കരിക്കുന്നതാണ്
7. ഡ്രൈവറുടെ വേതനം ഇന്ധനം, മെയിന്റനൻസ് എന്നിവയെല്ലാമുൾപ്പെടെ ആയിരിക്കണം ആവശ്യപ്പെടുന്ന വാടക.
8. ഒരു വർഷത്തേയ്ക്ക് വാഹനം ലഭ്യമാക്കേണ്ടതാണ്.
9. പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.
10. ക്വാട്ടേഷനുകൾ ഒട്ടിച്ച കവറിൽ "വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന മേലെഴുത്തോടുകൂടി 26.06.2023 ന് വൈകുന്നേരം 3 മണിക്ക് മുമ്പായി തദ്ദേശസ്വയംഭരണവകുപ്പ് പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷൻ ഇതോടൊപ്പമുള്ള മാതൃകയിൽ തയ്യറാക്കി സമർപ്പിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ 26.06.2023 ന് വൈകുന്നേരം 4 മണിക്ക്, ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്.
11. വാഹനത്തിന്റെ ആർ.സി.ബുക്ക്, പെർമിറ്റ്, ഇൻഷുറൻസ്, ടാക്സ് ടോക്കൺ

പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ, ലൈസൻസ് പകർപ്പ് സഹിതം ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.

12. ഏതൊരു ക്വട്ടേഷനും കാരണം കാണിക്കാതെ നിരസിക്കുവാൻ ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

<u>ക്വട്ടേഷൻ മാതൃക</u>

| വാഹനത്തിന്റെ മോഡൽ, വർഷം | മാസകരാർ വേതനം(2000 കി.മീ) | വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, ടാക്സി പെർമിറ്റ് നമ്പർ |
|---|---|---|
| | | |

ജോയിന്റ് ഡയറക്ടർ
തദ്ദേശസ്വയംഭരണവകുപ്പ്
പാലക്കാട്

പകര്പ്പ്
1 നോട്ടീസ് ബോർഡ്